30/4/92

# മരംവെട്ട് ദുരിതം വിതക്കും

കൽപറ്റ: വയനാട്ടിൽ വ്യാപകമായ മരംമുറി കടുത്ത ദുരിതങ്ങൾ വിതക്കുമെന്ന് വയനാട് പ്രകൃതിസംരക്ഷണ സമിതി മുന്നറിയിപ്പു നൽകി. വനശോഷണത്തിന്റെ ദുരന്തം വയനാട് അനുഭവിച്ചുവരികയാണ്. ജില്ലയിലെ വിവിധ ഭാഗങ്ങളിൽ വൻകിട ഏലം, കാപ്പി തോട്ടങ്ങളിൽ ഇപ്പോൾ വ്യാപകമായി മരങ്ങൾ മുറിക്കുന്നുമുണ്ട്. നിയമങ്ങൾ കാറ്റിൽ പറക്കുന്നു. പേര്യ, ബ്രഹ്മഗിരി, മേപ്പാടി, വൈത്തിരി, വാകേരി തുടങ്ങിയ സ്ഥലങ്ങളിൽ മരംമുറി നടന്നുവരുന്നുണ്ടെന്നും ഇതിനെക്കുറിച്ചെല്ലാം അന്വേഷിക്കണമെന്നും ആവശ്യപ്പെട്ട് സമിതി സെക്രട്ടറി തോമസ് അമ്പലവയൽ, മുഖ്യമന്ത്രി, നിയമസഭാ പെറ്റീഷൻ കമ്മിറ്റി ചെയർമാൻ തുടങ്ങിയവർക്ക് നിവേദനം നൽകി.

എൻ. ജി. ഒ. യൂണിയൻ വയനാട് ജില്ലാ സമ്മേളനത്തോനുബന്ധിച്ചു നടന്ന സമാപന സ
ന ജനറൽ സെക്രട്ടറി കെ. എൻ. രവീന്ദ്രനാഥ് പ്രസംഗിക്കുന്നു.

# ഗ്രാമോൽസവം സമാപിച്ചു

മക്കിയാട്: ഞാറലോട്ട് ഏഴു ദിവസത്തെ ഗ്രാമോൽസവം സമാപിച്ചു.

വിവിധ കായിക-കലാ മൽസരങ്ങൾ നടത്തി. വോളി ടൂർണമെൻറ് പി. ടി. ജോൺ ഉദ്ഘാടനം ചെയ്തു. സമാപന സമ്മേളനം തൊണ്ടർനാട് പഞ്ചായത്ത് മെംബർ പി. കുഞ്ഞബ്ദുല്ല ഉദ്ഘാടനം ചെയ്തു. മുൻ പ്രസിഡൻറ് എം. പി. കുര്യാക്കോസ് ആധ്യക്ഷ്യം വഹിച്ചു. ഫാ. ചാണ്ടി പുനക്കാട്ട്, പഞ്ചായത്ത് മെംബർ ടി. ജെ. മാത്യു, ടോമി മക്കിയാട് പ്രസംഗിച്ചു. ട്രോഫികളും സമ്മാനങ്ങളും മാനന്തവാടി സി. ഐ. ടി. യു. ജോസഫ് വിതരണം ചെയ്തു. ഫാ. ജോൺ ബോസ്ക്കോ നന്ദി പറഞ്ഞു.

24/4/92 ചെ.മ-മനോ.രമ

## ഐക്യദാർഢ്യം

കൽപ്പറ്റ: ചെർണോബിൽ ദിനാചരണത്തിൻെറ ഭാഗമായി വയനാട് പ്രകൃതി സംരക്ഷണ സമിതി യോഗം പെരിങ്ങോം അടക്കമുള്ള ആണവ നിലയങ്ങൾക്കെതിരേ സമരം ചെയ്യുന്നവരോട് ഐക്യദാർഢ്യം പ്രഖ്യാപിച്ചു. തോമസ് അമ്പലവയൽ ആധ്യക്ഷ്യം വഹിച്ചു. സി. എ. ഗോപാലകൃഷ്ണൻ, ബാബു മൈലമ്പാടി, പി. എം. രാജൻ, അബു പൂക്കോട് പ്രസംഗിച്ചു.

## പുതുക്കി നിശ്ചയിച്ചു

കൽപ്പറ്റ: ജില്ലയിലെ സർവീസ് സ്റ്റേഷനുകളിൽ വാഹനങ്ങളുടെ സർവീസ് ചാർജ് പുതുക്കി നിശ്ചിയച്ചതായി കേരള സംസ്ഥാന ചെറുകിട വ്യവസായ അസോസിയേഷൻ ജില്ലാ കമ്മിറ്റി അറിയിച്ചു. യന്ത്രസാമഗ്രികളുടെയും മറ്റു സാധനങ്ങളുടെയും വില വർധിച്ച സാഹചര്യത്തിലാണിത്. അഞ്ചു മുതൽ 25 രൂപ വരെയാണ് വർധന. പുതുക്കിയ നിരക്ക് മെയ് ഒന്നു മുതൽ പ്രാബല്യത്തിൽ വരും.

## നിവേദനം നൽകി

അഴീക്കോട്: പൊയുത്തുംകടവ്, പള്ളിക്കുന്നുപ്രം കോളനി, പാലോട്ടുവയൽ പ്രദേശങ്ങളിലെ കുടിവെള്ള ക്ഷാമം പരിഹരിക്കണമെന്ന് ആവശ്യപ്പെട്ടു ഡി. സി. സി. (ഐ) മെംബർ എ. മഹമൂദ് ജലസേചന മന്ത്രിക്കും ജില്ലാ കലക്ടർക്കും നിവേദനം നൽകി.

പരമാവധി ശ്രമിക്കുന്നുണ്ടെന്ന് കമലം അഭിപ്രായപ്പെട്ടു.

കോൺഗ്രസിൽ ഗ്രൂപ്പിസം പുതുമയല്ല. ഗാന്ധിജിയുടെയും സുഭാഷ് ചന്ദ്ര ബോസിൻെറയും കാലം തൊട്ടേ ഇതൊക്കെയുണ്ടെന്ന് അവർ ചൂണ്ടിക്കാട്ടി.

സംഘടനാ തെരഞ്ഞെടുപ്പിൽ തന്നെ ശരിയും തെറ്റും ഉണ്ടാവും. വ്യക്തിപരമായ പരിഗണന ഞാൻ കാണാറില്ല.

യു.ഡി.എഫ്. ഗവൺമെൻറ് ജനങ്ങളുടെ പ്രതീക്ഷക്കൊത്ത് ഇതിനകം ഉയർന്നിട്ടുണ്ടെന്നാണ് കരുതുന്നതെന്നവർ അഭിപ്രായപ്പെട്ടു.

## ‘നികാഹ്’ അനുവദിക്കണം

30/4/92

സുൽത്താൻ ബത്തേരി: മലവയൽ കലാരശ്മി ആർട്സ് ആൻറ് സ്പോർട്സ് ക്ലബിൻെറ വാർഷികാഘോഷത്തോടനുബന്ധിച്ച് അവതരിപ്പിക്കാനിരുന്ന ‘നികാഹ്’ എന്ന നാടകം ജില്ലാ കലക്ടർ നിരോധിച്ച നടപടി അപലപനീയമാണെന്ന് പുരോഗമന കലാസാഹിത്യ സംഘം വയനാട് ജില്ലാ കമ്മിറ്റി അഭിപ്രായപ്പെട്ടു. ഈ നാടകം ഒരു സമുദായത്തെയും മുറിപ്പെടുത്തുന്നില്ല. നാടകം പ്രകോപനപരവുമല്ല. അധികാരവും നിയമവും വികൃതമായി ദുരുപയോഗം ചെയ്യുന്ന നടപടിയായിപ്പോയി നാടക നിരോധനമെന്ന് പുരോഗമന കലാസാഹിത്യസംഘം സംസ്ഥാന കമ്മിറ്റിയംഗം വാമദേവൻ കലാലയാ പ്രസ്താവനയിൽ പറഞ്ഞു.

ബത്തേരി: നാടകം നിരോധിച്ച നടപടിയെ വയനാട് സൃഹദയവേദി പ്രസിഡൻറ് പി. സേതുമാധവൻ, വയനാട് സിറ്റിസൺസ് ഫോറം പ്രസിഡൻറ് കെ.ജെ. ജോഷി, സിനിമാ നിരൂപകനായ ഒ.കെ. ജോണി, വയനാട് പ്രകൃതിസംരക്ഷണ സമിതി സെക്രട്ടറി തോമസ് അമ്പലവയൽ എന്നിവർ അപലപിച്ചു. നിർദോഷമായ ഒരു നാടകത്തെ നിരോധിച്ച നടപടിയിൽ അവർ ഉൽകണ്ഠ രേഖപ്പെടുത്തി. ബത്തേരിയിലെ സാജിദാണ് നാടകകൃത്ത്.

## മെഡി ലാബ് ഉദ്ഘാടനം നാളെ

തലശ്ശേരി: രക്തദാന സേവനരംഗത്ത് മുൻപന്തിയിൽ നിൽക്കുന്ന തലശ്ശേരി ബ്ലഡ് ഡോണേഴ്സ് വിംഗ് ആധുനിക സൗകര്യങ്ങളോടെ ഏർപ്പെടുത്തിയിട്ടുള്ള മെഡിലാബ് നാളെ കാലത്ത് 10 മണിക്ക് കെ.പി. മമ്മു മാസ്റ്റർ എം.എൽ.എ ഉദ്ഘാടനം ചെയ്യും. നഗരസഭാ ചെയർമാൻ സി.ടി. ഉമ്മർകുട്ടി അധ്യക്ഷനാണ്.

ഐ.എം.എ പ്രസിഡൻറ് ഡോ. സി.പി. അബ്ദുൽ ലത്തീഫ്, എസ്.ഐ.ഒ സംസ്ഥാന പ്രസിഡൻറ് ടി. ആരിഫലി, സബ് കലക്ടർ മനോജ് ജോഷി, മൂർക്കോത്ത് രാമുണ്ണി, ഡോ. ബാബു രവീന്ദ്രൻ എന്നിവർ ആശംസകൾ നേരും.

# സുഗന്ധഗിരിയിൽ അഴിമതി

കൽപ്പറ്റ: സുഗന്ധഗിരിയിൽ ലക്ഷക്കണക്കിനു രൂപയുടെ അഴിമതി നടക്കുന്നതായി പരാതി. സുഗന്ധഗിരി പ്രോജക്ടിലെ ഒരു ഉന്നതോദ്യോഗസ്ഥൻ ഔദ്യോഗിക പരിപാടികളുടെ മറവിൽ വമ്പിച്ച വനം കൊള്ളയും അഴിമതിയും നടത്തുകയാണെന്നു നിരവധി സംഘടനകൾ ആരോപിച്ചു.

കാർഡമം പ്രോജക്ടിലേതിനു പുറമേ പൂക്കോട് ഡെയറി ഫാമിലും ഇദ്ദേഹം തന്നിഷ്ടപ്രകാരം പ്രവർത്തിക്കുന്നു എന്ന് ഇവർ ആക്ഷേപിക്കുന്നു. വയനാട്ടിൽ നടക്കുന്ന എല്ലാ വനംകൊള്ളകളിലും ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥ മേധാവികളുടെ കൈയുണ്ടത്രേ.

സുഗന്ധഗിരി പ്രോജക്ടിനടുത്ത് ഇക്കാലത്ത് അനധികൃത മരംവെട്ട് കാര്യമായി നടന്നു. ഇങ്ങനെ വെട്ടിയ മരങ്ങളത്രയും ഫർണിച്ചറുകളാക്കി മാററി സർക്കാർ വാഹനത്തിൽതന്നെ തൃശൂർക്കു മാറ്റിയതായി കെ. പി. സി. സി. -ഐ. മെംബർ പി. ടി. ജോൺ ആരോപിച്ചിരുന്നു.

ഫർണിച്ചറുകളെല്ലാം ഒരു സർക്കാർ ഉദ്യോഗസ്ഥൻെറതാണെന്നും ഉദ്യോഗസ്ഥൻ ട്രാൻസ്ഫർ ആയി പോകുകയാണെന്നുമാണ് താമരശ്ശേരി ചെക്ക്പോസ്റ്റിൽ പറഞ്ഞത്.

പൂക്കോട്ടു നടത്തുന്ന ഡെയറി ഫാമിലും ഒരു സർക്കാർ ഉദ്യോഗസ്ഥൻ അഴിമതി നടത്തിയതായി ആരോപണമുണ്ട്. ലക്ഷം രൂപയ്ക്കു മൈസൂരിൽനിന്നു പശുവിനെ വാങ്ങിയതായി തെളിവുകൾ ഉണ്ടത്രെ.

എം. കമലം പ്രസിഡൻറായുള്ള വയനാട് അഗ്രിക്കൾച്ചർ ഫാം എംപ്ളോയീസ് അസോസിയേഷൻ ഇപ്പോൾ ഈ സർക്കാർ ഉദ്യോഗസ്ഥർക്കെതിരേ രംഗത്തുവന്നിട്ടുണ്ട്. ഇത്തരം അഴിമതി നടത്തുന്നവർ ആരായിരുന്നാലും അവർക്കെതിരേ കർശന നടപടികൾ തന്നെ സ്വീകരിക്കണമെന്നു വയനാട് പ്രകൃതി സംരക്ഷണസമിതിയും മുഖ്യമന്ത്രിക്ക് നിവേദനം നൽകി.

28/4/92

# ഐക്യദാർഢ്യദിനം പ്രഖ്യാപിച്ചു

കല്പറ്റ: ചെർണോബിൽ ദിനാചരണത്തിന്റെ ഭാഗമായി കല്പറ്റയിൽ ചേർന്ന വയനാട് പ്രകൃതിസംരക്ഷണസമിതി യോഗം പെരിങ്ങോം അടക്കമുള്ള ആണവനിലയങ്ങൾക്കെതിരെ സമരംചെയ്യുന്നവരോട് ഐക്യദാർഢ്യം പ്രഖ്യാപിച്ചു.

പ്രകൃതിയിലെ സർവ ചരാചരങ്ങളേയും ആയിരക്കണക്കിന് വർഷത്തെ ദുരിതങ്ങളിലേക്ക് തള്ളിവിടാൻ പ്രാപ്തമായ ആണവനിലയ പദ്ധതി പൂർണമായി ഒഴിവാക്കണമെന്ന് യോഗം പ്രമേയംമൂലം സർക്കാറിനോടാവശ്യപ്പെട്ടു. യോഗത്തിൽ സമിതി സെക്രട്ടറി തോമസ് അമ്പലവയൽ, സി.എ. ഗോപാലകൃഷ്ണൻ, ബാബു മൈലാമ്പാടി, വി.എം. രാജൻ, അബു പൂക്കോട് തുടങ്ങിയവർ സംസാരിച്ചു.

## ചുരുക്കത്തിൽ

### വ്യവസായശാല അനുവദിക്കണം

കൽപറ്റ: കോട്ടത്തറ പഞ്ചായത്തിലെ മാടക്കുന്നിൽ ചെറുകിട വ്യവസായ ശാല അനുവദിക്കണമെന്ന് കേരള കോൺഗ്രസ്-എം കോട്ടത്തറ മണ്ഡലം ഒന്നാം വാർഡ് കമ്മിറ്റി യോഗം ആവശ്യപ്പെട്ടു.

കാർഷിക മേഖലയുടെ തകർച്ച നൂറുകണക്കിനാളുകളെ തൊഴിൽ രഹിതരാക്കിയ സാഹചര്യത്തിൽ ചെറുകിട വ്യവസായ ശാല ഇവിടെ അനിവാര്യമാണെന്ന് യോഗം ചൂണ്ടിക്കാട്ടി.

പി.ഡി. ജോസഫ് അധ്യക്ഷത വഹിച്ചു. സജി കുന്നത്ത്, പി.ടി. മാത്യു, എം.എ. ആൻറണി, വെള്ളൻ, കയ്മ എന്നിവർ സംസാരിച്ചു.

### വിദ്യാർഥി വിരുദ്ധ നയത്തിൽ പ്രതിഷേധം

കൽപറ്റ: കേരള സർക്കാറിൻെറ വിദ്യാർഥി, ജനവിരുദ്ധ നയങ്ങളിൽ വിദ്യാർഥി ജനതാദൾ കൽപറ്റ ഗവ. കോളേജ് യൂനിറ്റ് സമ്മേളനം പ്രതിഷേധം രേഖപ്പെടുത്തി. ജില്ലാ പ്രസിഡൻറ് വി. ഉദയകുമാർ, പി. സലിം എന്നിവർ പ്രസംഗിച്ചു. കോളേജ്യൂനിറ്റ് ഭാരവാഹികൾ: കെ.കെ. ഖാലിദ് (പ്രസി.), ഫ്രാൻസിസ് (വൈ.പ്രസി.), ബൈജു ജേക്കബ് (സെക്ര.), സി. ബിന്ദു (ജോ. സെക്ര.), പി. മോയിൻ (ട്രഷ.).

### ഉപവാസം നടത്തി

കൽപറ്റ: ഒ.പി. ടിക്കറ്റ് ചാർജ് പിൻവലിക്കുക, അനിശ്ചിതകാല നിരാഹാര സമരം നടത്തുന്ന കെ.ടി. കുഞ്ഞിക്കണ്ണൻെറ ജീവൻ രക്ഷിക്കുക, സമരം ഒത്തുതീർപ്പാക്കുക തുടങ്ങിയ ആവശ്യങ്ങൾ ഉന്നയിച്ച് യുവജനവേദി കൽപറ്റ ഏരിയാ കമ്മിറ്റി സിവിൽസ്റ്റേഷനു മുമ്പിൽ കൂട്ട ഉപവാസം നടത്തി.

ടി.യു.സി.ഐ ജില്ലാ കമ്മിറ്റിയംഗം ഒ. വേലായുധൻ ഉദ്ഘാടനം ചെയ്തു. എം.എം. ജോഷി സ്വാഗതം പറഞ്ഞു.

### വനപാലകരുടെ അവകാശം സംരക്ഷിക്കണം

**സുൽത്താൻബത്തേരി: വനപാലകരുടെ അവകാശങ്ങൾ സംരക്ഷിക്കണമെന്നും കൃത്യനിർവഹണത്തിനു സൗകര്യങ്ങൾ ഉണ്ടാക്കണമെന്നും വയനാട് പ്രകൃതി സംരക്ഷണ സമിതി യോഗം സർക്കാറിനോടാവശ്യപ്പെട്ടു. സമിതി സെക്രട്ടറി തോമസ് അമ്പലവയൽ അധ്യക്ഷത വഹിച്ചു.**

### ഒ.പി. ടിക്കറ്റ് ബഹിഷ്കരണം

മാനന്തവാടി: ഒ.പി. ശീട്ടിന് ഫീസ് പിൻവലിക്കണമെന്നാവശ്യപ്പെട്ടു കൊണ്ട് യുവജനവേദി ജില്ലാ ആശുപത്രിക്ക് സമീപം ഒ.പി. ടിക്കറ്റ് ബഹിഷ്കരണ സമരം നടത്തി. കെ.ടി. ജയപ്രകാശ് നേതൃത്വം നൽകി. ജലജ, സാവിത്രി, പ്രേമജ, സ്റ്റെല്ല എന്നിവർ പ്രസംഗിച്ചു. യുവജനവേദി പ്രവർത്തകരെ പോലിസ് അറസ്റ്റ് ചെയ്തു. മാനന്തവാടി ടൗണിൽ വഴിതടയൽ സമരവും നടത്തി. ജില്ലാ സെക്രട്ടറി സേവ്യർ സെബാസ്റ്റ്യൻ നേതൃത്വം നൽകി.

### എ.കെ.ജി.സി.ടി

## ഡി.വൈ.എഫ്.ഐ ധർണ നടത്തി

കൽപറ്റ: ഒ.പി. ടിക്കറ്റ് ചാർജ് ബഹിഷ്കരണത്തിൻെറ ഭാഗമായി ഡി.വൈ. എഫ്.ഐ.യുടെ ആഭിമുഖ്യത്തിൽ ജില്ലയിൽ നാലു കേന്ദ്രങ്ങളിൽ ധർണ നടന്നു. കൽപറ്റയിൽ ധർണ ഉപരോധമായപ്പോൾ പോലിസ് അറസ്റ്റ് ചെയ്താണ് ഡി.വൈ.എഫ്.ഐ പ്രവർത്തകരെ നീക്കിയത്. മാനന്തവാടിയിൽ ഒ.പി. ടിക്കറ്റ് ബഹിഷ്കരിച്ച 11 പേരെ പോലിസ് അറസ്റ്റ് ചെയ്തു. ഇന്നലെ മാനന്തവാടി ജില്ലാ ആശുപത്രിയിൽ ഒ.പി. ടിക്കറ്റ് കൗണ്ടർ അടഞ്ഞു കിടന്നു.

കൽപറ്റയിൽ ജില്ലാ ആയുർവേദ ആശുപത്രിക്കു മുന്നിൽ നടന്ന ധർണ കെ.എസ്. ബാബു ഉദ്ഘാടനം ചെയ്തു. പി. ഭാസ്കരൻ, ജോളി സ്കറിയ, ജി.സി. വനജ, ആർ. രാധ, സി. ഉഷ എന്നിവർ നേതൃത്വം നൽകി. പി. ബാലൻ സ്വാഗതം പറഞ്ഞു.

വൈത്തിരി ഗവൺമെൻറ് ആശുപത്രിക്കു മുന്നിലെ ധർണ ജില്ലാ കൗൺസിൽ സ്റ്റാൻറിംഗ് കമ്മിറ്റി ചെയർമാൻ എം. ജനാർദനൻ ഉദ്ഘാടനം ചെയ്തു. സി. മമ്മി, ടി. അബ്ദുറഹിമാൻ എന്നിവർ പ്രസംഗിച്ചു. കെ.എം. രാഘവൻ സ്വാഗതം പറഞ്ഞു. എം. സുരേന്ദ്രൻ, എ. ഗഫൂർ, സി. ഷംസുദ്ദീൻ എന്നിവർ നേതൃത്വം നൽകി.

മാനന്തവാടി ജില്ലാ ആശുപത്രിയിൽ നടന്ന സമരം സി.പി.എം. നേതാവ് കെ.വി. മോഹനൻ ഉദ്ഘാടനം ചെയ്തു. കെ. ശശാങ്കൻ പ്രസംഗിച്ചു. എൻ.പി. ബെന്നി, കെ.ജെ. ജോയി തുടങ്ങിയവർ നേതൃത്വം നൽകി. ജില്ലാ ആശുപത്രിയിൽ ഈടാക്കുന്ന ഒ.പി. ടിക്കറ്റ് ചാർജ് ബഹിഷ്കരിച്ചവരെ പോലിസ് ബലമായി അറസ്റ്റ് ചെയ്തു നീക്കി.

## ആശുപത്രിയിലേക്ക് മാർച്ച് നടത്തി

കണ്ണൂർ: ഒ.പി. ടിക്കറ്റ് ചാർജ് ഈടാക്കാനുള്ള തീരുമാനം ഉപേക്ഷിക്കണമെന്നും ആശുപത്രികളുടെ ശോച്യാവസ്ഥ പരിഹരിക്കണമെന്നും ആവശ്യപ്പെട്ട് ഡി.വൈ.എഫ്.ഐ. പ്രവർത്തകർ ജില്ലാ ആശുപത്രിയിലേക്ക് മാർച്ച് നടത്തി. ജില്ലാ സെക്രട്ടറി എം.വി. ...

മംഗളം 1992 ജൂലൈ 18 ശനി

# കട്ടിംഗ് പെർമിറ്റ്: പ്രകൃതി സംരക്ഷണ സമിതിക്ക് പ്രതിഷേധം

കൽപ്പറ്റ: വയനാട്ടിലെ ഏലം, കാപ്പി തോട്ടങ്ങളിൽ തണൽ ക്രമീകരണത്തിന്റെ പേരിൽ മരം വെട്ടുന്നതിനുള്ള കട്ടിംഗ് പെർമിറ്റുകൾ എല്ലാ തോട്ടമുടമകൾക്കും തടസം കൂടാതെ നൽകാൻ കോഴിക്കോട് മേഖലാ ഫോറസ്റ്റ് കൺസർവേറ്റർ ജില്ലയിലുയർന്ന ഫോറസ്റ്റ് ഉദ്യോഗസ്ഥന്മാരോട് ആവശ്യപ്പെട്ടതായി അറിയുന്നതിൽ വയനാട് പ്രകൃതി സംരക്ഷണ സമിതി പ്രതിഷേധിച്ചു.

ഇപ്പോൾതന്നെ വയനാട്ടിലെ സ്വകാര്യ തോട്ടങ്ങളിൽ വ്യാപകമായ തോതിൽ മരംവെട്ട് നടക്കുന്നുണ്ട്. ഇക്കാര്യം സമിതി ബന്ധപ്പെട്ട അധികാരികൾ അടക്കമുള്ള അധികൃതരെ നിവേദനം മൂലം പലവട്ടം അറിയിക്കുകയും നടപടികൾ ആവശ്യപ്പെടുകയും ചെയ്തിട്ടുള്ളതാണ്. എന്നാൽ, 1984-ലെ ഉരുൾപൊട്ടൽ അടക്കമുള്ള ഭീകര പ്രകൃതി ദുരന്തങ്ങളുണ്ടായ മുണ്ടക്കൈയിലെ മിക്ക തോട്ടങ്ങളിലും മരംവെട്ട് തകൃതിയായി തുടരുകയാണ്. മലയിടിച്ചിൽ നിത്യ സംഭവമായി മാറിക്കൊണ്ടിരിക്കുന്ന ചുരത്തിന് മുകളിലുള്ള തോട്ടങ്ങളിലും മരംവെട്ട് നിയന്ത്രണമില്ലാതെ നടന്നുവരുന്നു.

നിലവിലുള്ള എല്ലാ നിയമങ്ങളും മറികടന്ന് ചില ഉദ്യോഗസ്ഥന്മാരുടെ ഒത്താശയോടെ പേര്യ, ബ്രഹ്മഗിരി, വൈത്തിരി, മേപ്പാടി, വാകേരി തുടങ്ങി ജില്ലയുടെ എല്ലാ ഭാഗങ്ങളിലും ഇത്തരത്തിലുള്ള മരംവെട്ട് നടന്നുകൊണ്ടിരിക്കുന്നു. ഈ സാഹചര്യം മുതലെടുത്ത് കൂടുതൽ എസ്റ്റേറ്റ് മുതലാളിമാർ കട്ടിംഗ് പെർമിറ്റുകൾ സമ്പാദിക്കാനുള്ള തിരക്കിട്ട ശ്രമത്തിലാണ്. ബ്രഹ്മഗിരിയിൽ മാത്രം മുപ്പതിൽ അധികം അപേക്ഷകർ ഉണ്ടെന്നാണ് അറിയുന്നത്. ജില്ലയിലെ തോട്ടം ഉടമകൾ ഒരു ലോബിയായി നിന്നുകൊണ്ട് രാഷ്ട്രീയ സ്വാധീനം ചെലുത്തുന്നതിന്റെ ഭാഗമായാണ് ഫോറസ്റ്റ് കൺസർവേറ്ററുടെ മൂന്നുദിവസത്തെ വയനാടൻ ക്യാമ്പെന്ന് സമിതി സംശയിക്കുന്നു.

വയനാടിനെ മരുഭൂമിയാക്കാനുള്ള നീക്കത്തെ ചെറുക്കാൻ മുഴുവൻ ജനങ്ങളും തയാറാവണമെന്ന് വയനാട് പ്രകൃതി സംരക്ഷണ സമിതി അഭ്യർത്ഥിച്ചു.

ഉപവാസം നടത്തി

കൽപ്പറ്റ: ജില്ലയിലെ പരിസ്ഥിതി പ്രവർത്തകർ കലക്ടറേറ്റ് പടിക്കൽ ഉപവാസം നടത്തി. നർമ്മദാ പദ്ധതി പുനഃപരശോധിക്കണമെന്നാവശ്യപ്പെട്ടു ജലസമാധിക്കൊരുങ്ങിയ മേധാപട്കറുടെ സമരത്തോട് ഐക്യദാർഢ്യം പ്രഖ്യാപിച്ചായിരുന്നു ഉപവാസം.

രണ്ടുലക്ഷത്തോളം വരുന്ന ആദിവാസി ജനതയെ പിറന്ന മണ്ണിൽനിന്നു പിഴുതെറിയുന്നതിനെതിരേ നടക്കുന്ന സമരങ്ങളെ ഭീകര മർദന സംവിധാനങ്ങൾ ഉപയോഗിച്ച് അടിച്ചമർത്തുന്ന കിരാത നടപടികളാണ് സർക്കാർ ഭാഗത്തുനിന്നുള്ളതെന്ന് ഉപവാസത്തെ അഭിസംബോധന ചെയ്തവർ ആരോപിച്ചു. വയനാട് പ്രകൃതി സംരക്ഷണ സമിതി സെക്രട്ടറി തോമസ് അമ്പലവയൽ, ലൂക്കോസ് ജേക്കബ്, എം. വി. കരുണാകരൻ പ്രസംഗിച്ചു. ബാബു മൈലമ്പാടി, പി. കെ. ഉത്തമൻ നേതൃത്വം നൽകി.

മംഗളം 1992 ഓഗസ്റ്റ് 18 ചൊവ്വ -




വയനാട് പ്രകൃതി സംരക്ഷണ സമിതിയുടെ ആഭിമുഖ്യത്തിൽ കലക്ടറേറ്റ് പടിക്കൽ നടത്തിയ ഉപവാസസമരം

## സ്പൈക്കിളേഴ്സ്

കാർ ഗ്രൂപ്പുപ്രവർത്തനം നിർത്തിയാലും ഗ്രൂപ്പുകൾക്കുവേണ്ടിയുള്ള അലമുറ പത്രങ്ങൾ നിർത്തുകയില്ലെന്നതാണ് സ്ഥിതി.

കെ.പി.സി.സി. പ്രസിഡൻറ് വയ

ലമെൻറിൻെറ സെൻട്രൽഹാളിൽ മുഖ്യ ചർച്ചാവിഷയമായത് വയലാർ രവിയുടെ ചില പരാമർശനങ്ങളായിരുന്നുവെന്നാണ്. ഏതെങ്കിലും പ്രസംഗവേദിയിൽ വച്ചോ പ്രസ്താവനയിൽക്കൂടിയോ രവി നടത്തിയ പരാ

സമയത്തു തീരുമാനമെടുക്കാതെ ബി.ജെ.പി.ക്കു രാഷ്ട്രീയ ലാഭമുണ്ടാക്കിക്കൊടുത്തുവെന്നും വിമർശിക്കുന്നവരോടൊപ്പമായി രവി. അതു കെ.പി.സി.സി.യുടെ ഔദ്യോഗിക നിലപാടാണോ എന്ന് പലരും ആരായുന്നുണ്ടായിരുന്നു. റാവുവിൻെറ ആത്മസുഹൃത്തായ കരുണാകരൻ ഈ നിലപാടിനെ പിന്താങ്ങു

കൊണ്ടാണ് സ്വകാര്യസംഭാഷണത്തിൽപ്പോലും രവി പ്രകടിപ്പിക്കുന്ന അഭിപ്രായങ്ങൾ പാർലമെൻറിൻെറ സെൻട്രൽ ഹാളിൽ മുഖ്യമായ ചർച്ചാവിഷയമാകുന്നതെന്നുമാണ് മനോരമ റിപ്പോർട്ടിൽനിന്നും മനസിലാക്കാൻ. അങ്ങനെയാണെങ്കിൽ രവിക്ക് അതു വലിയ കോംപ്ലിമെൻറുമാണ്.

# ിച്ചവർ പണിത

വും അതിൻെറ സ്വാധീനത്താൽ വീണുകിട്ടുന്ന അപ്പക്കഷണങ്ങളുമാണല്ലോ അവർക്കു മുഖ്യം. ബി.ജെ.പി. തന്ത്രത്തിനു വഴിപ്പെടാത്ത മുൻപ്രധാനമന്ത്രി വി.പി. സിംഗ് ശ്രദ്ധേയനാവുന്നതിവിടെയാണ് വച്ചൊഴിഞ്ഞുപോയാൽ ഇന്ത്യാമഹാരാജ്യം അനാഥമായിപ്പോകുമെന്നാവും റാവുവിൻെറ ധാരണ.

എന്തായാലും പൊളിച്ച പള്ളി പുനഃ


വിശ്വഹിന്ദുപരിഷത്തുമെല്ലാംകൂടി ളളി പുനഃസ്ഥാപിക്കുകയാണ് വേണ്ടത്. അധികാരഭ്രമത്തിനുമുന്നിൽ മനുഷ്യജീവനു വിലകൽപ്പിക്കാത്ത ഇക്കൂട്ടർ അതിനു മുതിരുകയില്ലെന്നറിയാമെങ്കിലും ആഗ്രഹിച്ചുപോയതാണ്. എന്തായാലും ഇവിടെയടുത്ത് വെമ്പായമെന്ന സ്ഥലത്തെ സാധാരണക്കാർ കാട്ടിയ മാതൃക ഒരിക്കലും ഉന്നതന്മാർക്ക് ബാധകമാകില്ല. കാരണം അവരു

# ബന്ദ് രൂപത്തിലുള്ള സമര മുറകൾ നിരോധിക്കണം

കല്പറ്റ: മനുഷ്യൻെറ ദൈനംദിന ജീവിതത്തെ തടസ്സപ്പെടുത്തുന്ന ബന്ദ് തുടങ്ങിയ പ്രാകൃതമായ സമരമുറകൾ നിരോധിക്കണമെന്ന് അധികൃതർക്ക് നല്കിയ നിവേദനത്തിൽ വയനാട് പ്രകൃതിസംരക്ഷണസമിതി സെക്രട്ടറി തോമസ് അമ്പലവയൽ ആവശ്യപ്പെട്ടു.

രാജ്യത്ത് അടിക്കടിയുണ്ടാകുന്ന ബന്ദുകൾ ജനജീവിതം താറുമാറാക്കുന്നു. മനുഷ്യജീവൻ കുരുതി കഴിക്കപ്പെടുകയും പൊതുമുതൽ നശിപ്പിക്കുകയും ചെയ്യുന്നു. ഇതിനുംപുറമെ നാടിൻെറ പരിസ്ഥിതിക്ക് വമ്പിച്ച നാശം വരുത്തിവെക്കുന്നു. ബന്ദ് സംഘടിപ്പിക്കുന്നവർ മാർഗതടസ്സം സൃഷ്ടിക്കാൻ കണ്ടുപിടിച്ചിരിക്കുന്ന എളുപ്പമാർഗം വഴിയോരത്തുള്ള വൻ മരങ്ങൾ മുറിച്ചു റോഡിലിടുകയാണ്. ഇക്കഴിഞ്ഞ ആഴ്ചകളിലെ ബന്ദുകളിൽ വയനാട്ടിൽ മാത്രം നൂറുകണക്കിന് വൻ വൃക്ഷങ്ങൾ നശിപ്പിക്കപ്പെട്ടു. മൊത്തത്തിൽ പതിനായിരക്കണക്കിന് മരങ്ങൾ നശിപ്പിക്കപ്പെട്ടിട്ടുണ്ടാകും.

ഭരണകക്ഷികൾ ഉൾപ്പെടെ എല്ലാ രാഷ്ട്രീയപാർട്ടികളും ഇതിൽ കുറ്റവാളികളാണ്. കൂടാതെ ഈ അവസരം മുതലെടുക്കുന്ന സാമൂഹ്യവിരുദ്ധരുമുണ്ട്. മുറിച്ച് സ്വന്തമാക്കാൻവേണ്ടി തടികൾ വീഴ്ത്തുന്നവർ മുതൽ വീടിനോ കടക്കോ മറവുണ്ടാക്കുന്ന മരങ്ങൾ നശിപ്പിക്കാനും ബന്ദ് ഒരാവശ്യമായെടുക്കുന്നവരും ഉണ്ട്. വനഭൂമിയിലും പി.ഡബ്ല്യു.ഡി. വക സ്ഥലത്തും നില്ക്കുന്ന പൊതുമുതൽ നശിപ്പിക്കുന്നവർക്കെതിരെ പൊലീസോ ഗവൺമെൻറിൻെറ മറ്റു വകുപ്പുകളോ യാതൊരു നടപടിയും എടുക്കുന്നില്ല. ഗവൺമെൻറ് ഇങ്ങിനെ കണ്ണടയ്ക്കുന്നതുകൊണ്ടാണ് പൊതുമുതലും വിലയേറിയ പ്രകൃതിസമ്പത്തും നശിപ്പിക്കാൻ സാമൂഹ്യവിരുദ്ധ ശക്തികൾ ധൈര്യം കാണിക്കുന്നതെന്നും തോമസ് പ്രസ്താവനയിൽ പറഞ്ഞു.



ഗ്രാമസേവാഭവൻെറയും ഹെൽപ്പേജ് ഇന്ത്യയുടെയും ആഭിമുഖ്യത്തിലുള്ള കമ്മ്യൂണിറ്റി ഹാളിൻെറ ശിലാസ്ഥാപനം കെ. രാഘവൻമാസ്റ്റർ എം.എൽ.എ. നിർവഹിക്കുന്നു

## ഇന്നത്തെ സിനിമ

### കല്പറ്റ

**വിജയ:** സൂര്യഗായത്രി —3 കളി — ലാൽ, പാർവതി

**ജൈത്ര:** മൂൻട്രെഴുത്തിൽ എൻ മൂച്ചിരിക്കും—3 കളി NS: Howling II

**അനന്തപത്മ:** പോലീസ് ബ്രദേഴ്സ് (തമിഴ്) —3 കളി N.S: Hot fever

**മഹാവീർ മൂവീസ്:** ക്ഷത്രിയൻ (തമിഴ്) —വിജയകാന്ത് N.S. നിറമുള്ള രാവുകൾ

**കാവുമന്ദം—പുഷ്പ:** HUM-അമിതാബ് —3 കളി

**മാനന്തവാടി—ജോസ്:** പ്രിയപ്പെട്ട കുക്കു —ജഗദീഷ് MS, NS: നാളൈ ശെയ്തി

### സുൽത്താൻബത്തേരി

**സന്തോഷ്:** ഗൃഹപ്രവേശം —3 കളി —ജഗദീഷ്, സായികുമാർ

**സീന:** പ്രിയപ്പെട്ട കുക്കു—ജഗദീഷ്, സിദ്ധിഖ്, ചാർമിള —3 കളി

**മാർബേസിൽ:** എല്ലാരും ചൊല്ല്ണ് —മുകേഷ്

**സാഗർ:** സിംഹധ്വനി—സുരേഷ് ഗോപി, ഉർവശി —4 കളി

# കാട്ടുതീ നിയന്ത്രിച്ചില്ലെങ്കിൽ കാൽ നൂറ്റാണ്ടിനുള്ളിൽ പകുതി ജീവജാലങ്ങൾ അപ്രത്യക്ഷമാകും

ബത്തേരി: വനം വെട്ടി നശിപ്പിച്ചുകൊണ്ടിരിക്കുന്ന നാശംപോലെ ഭീമാകാരമാണ് തീപ്പിടുത്തം മൂലം വനങ്ങൾക്കുണ്ടാകുന്ന നാശമെന്ന് പ്രസിദ്ധ പക്ഷിനിരീക്ഷകനായ പി.കെ. ഉത്തമൻ പറഞ്ഞു. ഭൂമിയിലെ ഒരു കോടിയോളം ജന്തു—സസ്യ ജാതികളിൽ പകുതിയോളം കാട്ടിലാണെന്ന് വയനാട്ടിൽ പ്രകൃതിസംരക്ഷണ സമിതി സംഘടിപ്പിച്ച യോഗത്തിൽ 'കാട്ടുതീ തടയൽ—ജനപങ്കാളിത്തം' എന്ന വിഷയം അവതരിപ്പിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞു.

കാട്ടുതീ ഇന്നത്തെ നിലയിൽ പോയാൽ അടുത്ത 25 വർഷംകൊണ്ട് ഭൂമിയിലെ പകുതിയോളം സസ്യ—ജീവജാലങ്ങൾ അപ്രത്യക്ഷമാകുമെന്ന് ഉത്തമൻ അഭിപ്രായപ്പെട്ടു.

വനങ്ങളുടെ നാശത്തിൽ കാട്ടുതീക്കുള്ള പങ്കിനെപ്പറ്റിയും കാട്ടുതീ തടയേണ്ടതിൻെറ ആവശ്യകതയെപ്പറ്റിയും ജനങ്ങളിൽ അവബോധമുണ്ടാക്കുന്നതിന് താല്പര്യമുള്ള സംഘടനകളെയും വ്യക്തികളെയും പങ്കെടുപ്പിച്ച് ജനവരി 3 മുതൽ വയനാട്ടിലെ വനമേഖലകളിൽ സെമിനാറുകൾ സംഘടിപ്പിക്കാൻ വയനാട് പ്രകൃതിസംരക്ഷണ സമിതി തീരുമാനിച്ചു.

സെമിനാറിൽ ഫാ. ജോസഫ് നെച്ചിക്കാട്ട്, കെ. ഗോപാലകൃഷ്ണൻ, എം. മനോജ്, ജോസ് തോട്ടനാനി, സുൽത്താന (കേംബ്രിഡ്ജ് യൂനിവേഴ്സിറ്റി) തുടങ്ങിയവർ പങ്കെടുത്തു. സമിതി സെക്രട്ടറി തോമസ് അമ്പലവയൽ മോഡറേറ്ററായിരുന്നു.

മാതൃഭൂമി - 1992 ഡിസംബർ 14 തിങ്കൾ

# പുലി

(ഒന്നാംപേജ് തുടർച്ച)

കെട്ടതായി അവർ പറയുന്നു. കെണിയിലകപ്പെട്ട പുലിയെ ബുധനാഴ്ച വൈകിട്ട് തൃശൂർ മൃഗശാലയിലേക്ക് കൊണ്ടുപോയി.

13,000 രൂപ ചെലവിൽ വയനാട് വന്യമൃഗ സംരക്ഷണ കാര്യാലയത്തിൽ നിർമ്മിച്ചതാണ് പുലിക്കെണി. ഇതിൻെറ പരീക്ഷണം ചൂരിമല ഗ്രാമത്തിൽ നടന്നുവരുന്നതായി ചൊവ്വാഴ്ച 'മംഗളം' റിപ്പോർട്ടുചെയ്തിരുന്നു.

കെണിയിൽ വീണ പുലിയെ തൃശൂരിലെ മൃഗശാലയിലേക്കു കൊണ്ടുപോകാൻ ശ്രമിച്ചവരെ പ്രകൃതിസ്നേഹികൾ തടഞ്ഞത് അൽപ്പനേരം സംഘർഷാവസ്ഥ സൃഷ്ടിച്ചു. ഒടുവിൽ വയനാട് വൈൽഡ് ലൈഫ് വാർഡൻ പി. ഗോപിനാഥൻെറ നയപരമായ ഇടപെടൽ മൂലമാണ് അവരെ പിന്തിരിപ്പിക്കാൻ കഴിഞ്ഞത്.

ഇന്നലെ വൈകിട്ട് ആറുമണിയോടെ വൈൽഡ് ലൈഫ് ഓഫീസിൽനിന്നും വാഹനം പുറപ്പെട്ടപ്പോഴാണ് വയനാട് പ്രകൃതിസംരക്ഷണ സമിതി സെക്രട്ടറി തോമസ് അമ്പലവയലിൻെറ നേതൃത്വത്തിലുള്ള പ്രവർത്തകർ രംഗത്തെത്തിയത്. പുലികളിൽ അപൂർവ ഇനമായ കരിമ്പുലിയെ ബന്ദിപ്പൂർ ടൈഗർ പ്രോജക്ടിലേക്ക് മാറ്റണമെന്നായിരുന്നു അവരുടെ ആവശ്യം.

പൊതുജനങ്ങൾക്കും അവരുടെ വളർത്തുമൃഗങ്ങൾക്കും ഭീഷണിയായിട്ടുള്ള പുലിയെ തിരികെ വിടുന്നതിനെ നാട്ടുകാരും എതിർത്തു. അപ്പോഴാണ് വൈൽഡ് ലൈഫ് വാർഡൻ ഗോപിനാഥനും വൈൽഡ് ലൈഫ് അസിസ്റ്റൻറ് മോഹൻ ആലമ്പത്തും ഇടപെട്ടത്. പുലിയുടെ ആവാസ വ്യവസ്ഥയ്ക്കു പറ്റിയ വനം കണ്ടെത്തുന്നതുവരെ അതിനെ വയനാട്ടിൽ സൂക്ഷിക്കാൻ സൗകര്യമില്ലെന്ന് അവർ നാട്ടുകാരെ പറഞ്ഞു മനസിലാക്കി. ഒടുവിൽ പാതി മനസോടെയാണെങ്കിലും പുലിയെ തൃശൂർ മൃഗശാലയിലേക്ക് കൊണ്ടുപോകാൻ പ്രകൃതിസ്നേഹികളും സമ്മതിച്ചു.




# മംഗളം

മലയാളികളുടെ സമ്പൂർണ്ണ ദിനപത്രം

പുസ്തകം നാല് ലക്കം 327 Published from Kozhikode & Kottayam കോഴിക്കോട് 1992 ഡിസംബർ 3 വ്യാഴം പേജ് 8 വില 1.50 രൂ.

# പുലിക്കെണിയിൽ കരിമ്പുലി വീണു

സ്വന്തം ലേഖകൻ

സുൽത്താൻബത്തേരി: നാടുവിറപ്പിച്ച കൂറ്റൻ കരിമ്പുലി വനം വകുപ്പ് ഒരുക്കിയ കെണിയിലകപ്പെട്ടു. ബത്തേരിക്കടുത്ത അരിവയൽ ഗ്രാമത്തിൽനിന്ന് കഴിഞ്ഞ ദിവസങ്ങളിൽ ആറിലധികം വളർത്തുമൃഗങ്ങളെ കൊന്നുതിന്ന പുലിയാണ് സംസ്ഥാനത്താദ്യമായി പരീക്ഷിക്കപ്പെട്ട 'പുലിക്കെണിയിൽ' വീണത്.

വയനാട് വന്യമൃഗ സങ്കേതത്തിൽ രൂപകൽപ്പന ചെയ്തു നിർമ്മിച്ച പുലിക്കെണിയുടെ പരീക്ഷണത്തിൻെറ മൂന്നാംദിവസമായ ബുധനാഴ്ച പുലർച്ചെ 12.05-നാണ് പുലി കൂട്ടിലായത്. വാലുൾപ്പെടെ എട്ടടി നീളവും മൂന്നടി പൊക്കവുമുള്ള ഈ ആൺകരിമ്പുലിക്ക് പ്രായം ആറുവയസിലധികം വരുമെന്ന് കണക്കാക്കുന്നു. പുലിയെ തൃശൂർ മൃഗശാലയിലേക്കു കൊണ്ടുപോയി.

നാട്ടുകാർ പിരിവെടുത്ത് വാങ്ങിയ ആട്ടിൻകുട്ടിയേയാണ് കെണിയുടെ ഉള്ളിൽ കെട്ടിയിട്ടിരുന്നത്. ഗ്രാമവാസികളാവട്ടെ പുലി വരുന്നതും കാത്ത് ഉറക്കമൊഴിച്ചിരിക്കുകയായിരുന്നു.

പുലി കെണിയിലായ വിവരം അറിഞ്ഞയുടനെ വയനാട് വൈൽഡ് ലൈഫ് വാർഡൻ പി. ഗോപിനാഥ്, സീനിയർ വൈൽഡ് ലൈഫ് അസിസ്റ്റൻറുമാരായ മോഹൻ അലമ്പത്ത്, ടി. മുഹമ്മദ് തുടങ്ങിയവരുടെ നേതൃത്വത്തിൽ ആയുധധാരികളായ വനപാലകർ സ്ഥലത്തെത്തിയിരുന്നു.

കെണിയിലകപ്പെട്ടെങ്കിലും കൂടിനകത്തു കെട്ടിയിട്ടിരുന്ന ആടിനെ കൊന്നുതിന്നാൻ കരിമ്പുലി മടിച്ചില്ല. നാട്ടുകാരെ കണ്ടപ്പോൾ തൻെറ കോപം തീർത്തതും ഈ ആടിനുമേൽ തന്നെയായിരുന്നു.

ഇന്ത്യൻ വനങ്ങളിൽ സർവ സാധാരണമായി കാണപ്പെടുന്നതും 'പാന്ത്രപാർഡ്സ്' എന്ന ശാസ്ത്രനാമത്തിൽ അറിയപ്പെടുന്നതുമായ പുള്ളിപ്പുലിയുടെ വിഭാഗത്തിൽ പെട്ടവയെങ്കിലും കരിമ്പുലി അപൂർവമായി മാത്രമേ കാടിനു വെളിയിലിറങ്ങാറുള്ളൂ.

പുള്ളിപ്പുലിയുടെ രോമത്തിൽ 'മിലാനി പിഗ്മെൻറ്' കൂടുന്നതോടെയാണ് അത് കരിമ്പുലിയായി മാറുന്നത്. മാൻ, ചെന്നായ, ഹെയ്ന (കഴുതപ്പുലി) എന്നിവയുടെ പേടിസ്വപ്നമായ കരിമ്പുലി സ്വതവേ ഘോരവനങ്ങളിൽ വസിക്കാൻ ഇഷ്ടപ്പെടുന്നവയാണ്.

മദ്ധ്യപ്രദേശ് സർക്കാരിൻെറ ഉടമസ്ഥതയിലുള്ള ബീനാച്ചി എസ്റ്റേറ്റിലെ കാട്ടിനുള്ളിലായിരുന്നു പഴുപ്പത്തൂർ ഗ്രാമത്തെ വിറപ്പിച്ച ഈ കരിമ്പുലിയുടെ താവളം. തുടർച്ചയായി വളർത്തുമൃഗങ്ങളെ പുലിപിടിക്കാൻ തുടങ്ങിയതോടെ രാത്രികാലങ്ങളിൽ പുറത്തിറങ്ങാൻ പോലും നാട്ടുകാർ ഭയപ്പെട്ടു.

സംസ്ഥാനത്ത് ആദ്യമായാണ് കരിമ്പുലിയെ പിടികൂടുന്നത്. ഈ പുലിയോടൊന്നിച്ച് ഒരു പെൺപുലി കൂടിയുണ്ടെന്ന് ഗ്രാമവാസികൾ പറഞ്ഞു. പുലി കൂട്ടിലായശേഷം ഇതിൻെറ അലർച്ച കാട്ടിൽനിന്നും മുഴങ്ങുന്നതു

(ശേഷം പേജ് 5 കോളം 1)



കൂട്ടിലും കൂസാതെ......പുലിക്കെണിയിൽ വീണ കരിമ്പുലി ശൗര്യം ആട്ടിൻകുട്ടിയിൽ പ്രയോഗിക്കുന്നു